# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 50   05.03.2012ൽ മറുപടിയ്ക്ക്

ക്രൈസ്തവ സഭകൾ തമ്മിലുള്ള തർക്കം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ പുരുഷൻ കടലുണ്ടി : | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) ക്രൈസ്തവ സഭകൾ തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; | എ) ക്രൈസ്തവ സഭകൾ തമ്മിലുള്ള തർക്കം പരിഹരിക്കുന്നതിലേക്കായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാരും, ഉന്നത പോലീസ് ഉദ്യോഗസ്ഥരും മന്ത്രിമാരും, നിയമസഭാ സാമാജികർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളും ഇരുവിഭാഗങ്ങളുടെയും പ്രതിനിധികളുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാനായി തർക്കം നിലവിലുള്ള പള്ളികളിൽ പോലീസ് അതീവ ജാഗ്രത പുലർത്തിവരുന്നു. |
| ബി) ഏതെല്ലാം സഭകൾ തമ്മിൽ എന്തെല്ലാം വിഷയങ്ങളിലാണ് ഇപ്പോഴും തർക്കം നിലനിൽക്കുന്നതെന്ന് വ്യക്തമാക്കാമോ ; | ബി) യാക്കോബായ - ഓർത്തഡോക്സ് സഭകൾ തമ്മിൽ താഴെ വിവരിക്കുന്ന കാര്യങ്ങളിൽ തർക്കം നിലവിലുള്ളതായി അറിയുന്നു.<br><br>1) തൃശ്ശൂർ ജില്ലയിൽ യാക്കോബായ - ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിൽ പള്ളിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കം നിലനിൽക്കുന്നു.<br><br>2) വയനാട് ജില്ലയിൽ യാക്കോബായ - ഓർത്തഡോക്സ് സഭകൾ തമ്മിൽ പള്ളി ഭരണം, ആരാധന സമ്പ്രദായം എന്നിവ സംബന്ധിച്ച തർക്കത്തിന് ഹൈക്കോടതിയിൽ സിവിൽ കേസ് നടന്നുവരുന്നുണ്ട്.<br><br>3) ഇടുക്കി ജില്ലയിൽ യാക്കോബായ ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിൽ പള്ളി ഭരണവും സ്വത്തും സംബന്ധിച്ച തർക്കം നിലവിലുണ്ട്. |

4) എറണാകുളം ജില്ലയിൽ യാക്കോബായ-ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിൽ പള്ളികളുടെ ഭരണത്തെ സംബന്ധിച്ചും ആരാധനാ സമ്പ്രദായത്തെ സംബന്ധിച്ചും തർക്കങ്ങൾ നിലവിലുണ്ട്.

| | |
|---|---|
| സി) അഡ്വക്കേറ്റ് ജനറൽ ഇക്കാര്യത്തിൽ നിയമോപദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ ? | സി) ഇല്ല. |

സെക്ഷൻ ഓഫീസർ